# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 03.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുന്നതിൽ ഇന്ത്യ അഭിമാനകരമായ സംഭാവനകൾ നൽകിയതായി ലോക വന്യജീവി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ വന്യജീവി ബോർഡ് യോഗത്തിന് പ്രധാനമന്ത്രി അധ്യക്ഷത വഹിച്ചു.

Prime Minister Narendra Modi has urged everyone to reaffirm the commitment to protect and preserve the incredible biodiversity of the planet on the Occasion of World Wildlife Day. PM chaired the seventh meeting of the National Board for Wildlife (NBWL) at Sasan Gir in Junagadh

2). രാജ്യം രണ്ടാം ധവള വിപ്ലവത്തിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്ര സഹകരണമന്ത്രി അമിത് ഷാ.

Union Home and Cooperation Minister Amit Shah today inaugurated the workshop on sustainability and circularity in the dairy sector in New Delhi.

3). താമരശ്ശേരി കൊലപാതകം ഉൾപ്പെടെ സംസ്ഥാനത്തെ അക്രമസംഭവങ്ങൾ സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിന്മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു.

Discussions in progress in KeralaLegislative Assembly over the increasing incidents of violence and drug abuse among youths in the state.

4) **SSLC**, ഹയർസെക്കൻഡറി പരീക്ഷകൾക്ക് സംസ്ഥാനത്ത് തുടക്കമായി.

SSLC and Higher Secondary exams started today in Kerala.

5). 97-ാമത് ഓസ്കർ പുരസ്കാരങ്ങളിൽ തിളങ്ങി ഷോൺ ബേക്കർ ചിത്രം അനോറ. മികച്ച നടി മിക്കി മാഡിസൺ. അഡ്രിയൻ ബ്രോഡി മികച്ച നടൻ.

**Director Sean Baker's romantic comedy-drama "Anora" emerged as the ceremony's biggest winner in the 97th edition of Oscar Awards. Mickey Madison won the Oscar title for Best Actress. Adrien Brody grabbed Oscar for the best actor.**

6) ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ F C, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും.

**In ISL, Chennaiyin FC will take on North East United today in ISL football.**

==========================================

## PM-WILDLIFE DAY

ജൈവവൈവിധ്യവും, വന്യജീവി സമ്പത്തും കാത്തുസൂക്ഷിക്കുന്നതിൽ ഇന്ത്യ അഭിമാനകരമായ സംഭാവനകൾ നൽകിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാ ജീവജാലങ്ങൾക്കും ഒരുപോലെ പ്രാധാന്യമുണ്ടെന്നും, വരും തലമുറയ്ക്കായി അവയെ സംരക്ഷിക്കണമെന്നും ലോക വന്യജീവി ദിനത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ദിനാചരണത്തിൻറെ ഭാഗമായി ദേശീയ വന്യജീവി ബോർഡ് ഗുജറാത്തിലെ ജുനഗഡിൽ സംഘടിപ്പിച്ച യോഗത്തിന് പ്രധാനമന്ത്രി അധ്യക്ഷത വഹിച്ചു. കേന്ദ്ര വനം മന്ത്രി ഭൂപേന്ദർ യാദവ്, വിവിധ സംസ്ഥാനങ്ങളിലെയും എൻജിഒ കളിലെയും പ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. നാഷണൽ റെഫറൽ സെൻറർ ഫോർ വൈൽഡ് ലൈഫിൻറെ തറക്കലിടലും അദ്ദേഹം നിർവഹിച്ചു. ഏഷ്യൻ സിംഹങ്ങളുടെ എണ്ണം സംബന്ധിച്ച കണക്കും മനുഷ്യ വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് കോയമ്പത്തൂരിൽ ആരംഭിക്കുന്ന സംവിധാനവും അദ്ദേഹം വിർച്വലായി പുറത്തിറക്കി. ഗിർ ദേശീയ ഉദ്യാനവും

സന്ദർശിച്ച പ്രധാനമന്ത്രി സിൻഹ് സദൻ ക്യാമ്പിൽ വൃക്ഷത്തൈയും നട്ടു. ഏഷ്യൻ സിംഹങ്ങളുടെ സ്വാഭാവിക ആവാസ കേന്ദ്രമാണ് 30,000 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ഗിർ ദേശീയോദ്യാനം. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ശനിയാഴ്ച ഗുജറാത്തിലെത്തിയ പ്രധാനമന്ത്രി ജാംനഗറിലെ വൻതാര മൃഗസംരക്ഷണ കേന്ദ്രവും സോമനാഥ ക്ഷേത്രവും സന്ദർശിച്ചിരുന്നു.

===========================================

**AMIT SHA – WORKSHOP (INTRO)**

രാജ്യം രണ്ടാം ധവള വിപ്ലവത്തിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്ര സഹകരണമന്ത്രി അമിത് ഷാ. ക്ഷീര മേഖലയിലെ സുസ്ഥിരത സംബന്ധിച്ച ശില്പശാല ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യവികസനത്തിൽ ക്ഷീരമേഖല പുതിയ ഊർജ്ജം നൽകിയിരിക്കുകയാണ്. ഗ്രാമീണ മേഖലയുടെ ശാക്തീകരണത്തിൽ ഈ മേഖല സുപ്രധാന പങ്ക് വഹിക്കുന്നതായും ശ്രീ അമിത് ഷാ പറഞ്ഞു.

**(HOLD FOR BYTE..........)**

പാലിൻറെയും, അനുബന്ധ ഉൽപ്പന്നങ്ങളുടെയും സുസ്ഥിര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നത്തിനായി സഹകരണ മന്ത്രാലയവും ക്ഷീരവികസന മന്ത്രാലയവും ചേർന്നാണ് ശിൽപശാല സംഘടിപ്പിച്ചത്.

===========================================

**ASSEMBLY NEWS**

താമരശ്ശേരിയിൽ വിദ്യാർത്ഥി കൊല്ലപ്പെട്ടത് ഉൾപ്പെടെ സംസ്ഥാനത്തുണ്ടാകുന്ന അക്രമസംഭവങ്ങൾ സംബന്ധിച്ച് പ്രതിപക്ഷം കൊണ്ട് വന്ന ഉപക്ഷേപത്തിന്മേൽ

നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു. വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ ഷഹബാസ് എന്ന വിദ്യാർത്ഥി കൊല്ലപ്പെട്ടത് ഉൾപ്പെടെയുള്ള സംഭവങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷത്തു നിന്നും രമേശ് ചെന്നിത്തലയാണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. കേരളം ലഹരിക്ക് അടിമപ്പെടുന്നതായും, കേരളസമൂഹം ഒറ്റക്കെട്ടായി ഇതിനെതിരെ അണിനിരക്കണമെന്നും അദ്ദേഹം പറഞ്ഞു. യുവത്വത്തെ കാർന്നു തിന്നുന്ന ലഹരിയ്ക്കെതിരെ നടപടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

നിയമസഭയിലും പൊതുസമൂഹത്തിലും ചർച്ച ചെയ്യേണ്ട അതീവ ഗൗരവമുള്ള വിഷയമാണ് ഇതെന്ന് വ്യക്തമാക്കിയാണ് മുഖ്യമന്ത്രി പിണറായി വിജയൻ ചർച്ചയ്ക്ക് സന്നദ്ധത അറിയിച്ചത്.

==============================================

**VEENA GEORGE ASSEMBLY – (INTRO)**

ആശാ വർക്കർമാർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണെന്നും ആശമാരുടെ പ്രവർത്തനത്തെ വളരെ പ്രാധാന്യത്തോടെയാണ് സർക്കാർ കാണുന്നതെന്നും ആരോഗ്യമന്ത്രി വീണാ ജോർജ്. ആശാ വർക്കർമാരുടെ ഓണറേറിയം സംബന്ധിച്ച് നിയമസഭയിൽ കെ ശാന്തകുമാരിയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി. ആശമാരുടെ അമിത ജോലി ഭാരം ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചതായും മന്ത്രി നിയമസഭയിൽ പറഞ്ഞു.

**(HOLD FOR BYTE............)**

കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുമെന്നും ശ്രീമതി വീണാ ജോർജ് വ്യക്തമാക്കി. ആശവർക്കർമാർക്ക് കൊടുക്കാനുള്ള 100 കോടി രൂപ കേന്ദ്രം നൽകാത്ത സാഹചര്യം, കേരളത്തിൽ നിന്നുള്ള എം പി മാർ പാർലമെൻറിൽ ഉന്നയിക്കണമെന്നും മന്ത്രി പറഞ്ഞു.

==================================================

**BILLS – ASSEMBLY**

സ്വകാര്യ സർവകലാശാല ബില്ലും, സർവകലാശാലാ നിയമ ഭേദഗതി ബില്ലും ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചു. ഗവർണറുടെ മുൻകൂർ അനുമതി ലഭിക്കാത്തതിനാൽ സർവകലാശാല നിയമ ഭേദഗതി രണ്ടാം ബിൽ സഭ ഇന്ന് പരിഗണിച്ചില്ല.

==================================================

**SSLC PLUS TWO**

സംസ്ഥാനത്ത് SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് തുടക്കമായി. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്. ഉച്ചയ്ക്ക് ശേഷമാണ് ഹയർസെക്കൻഡറി പരീക്ഷകൾ. എല്ലാ പരീക്ഷകളും ഈ മാസം 26 ന് അവസാനിക്കും.

==================================================

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==================================================

## JAISHANKAR – BELGIUM

ബെൽജിയം ഉപ പ്രധാനമന്ത്രി മാക്സിം പ്രെവോയുമായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ കൂടിക്കാഴ്ച നടത്തി. അർദ്ധചാലകം, നിർമിത ബുദ്ധി, ശുദ്ധോർജ്ജം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട ചർച്ചകൾ ഇരു നേതാക്കൾക്കുമിടയിൽ നടന്നു. ഏഴ് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ബെൽജിയം രാജകുമാരി പ്രിൻസസ് ആസ്ട്രിഡുമായും അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. പ്രധാനമന്ത്രി നരേന്ദ്രമോദിയും പ്രിൻസസ് ആസ്ട്രിഡുമായുള്ള കൂടിക്കാഴ്ച നാളെയാണ്.

========================================================

## HARDEEP PURI

ലോകത്തെ മൂന്നാമത്തെ വലിയ ജൈവ ഇന്ധന ഉത്പാദന രാജ്യമായി ഇന്ത്യ മാറിയതായി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി. ശുദ്ധ – ജൈവ ഊർജത്തിലേക്ക് ഇന്ത്യ പരിവർത്തനം ചെയ്യുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഈ വർഷം ജനുവരി വരെ പെട്രോളിൽ 19.6 ശതമാനം എഥനോൾ കലർത്തുന്നതിൽ ഇന്ത്യ വിജയം നേടി. ഇന്ധന ഇറക്കുമതിയും കാർബൺ ബഹിർഗമനവും കുറയ്ക്കുന്നതിൽ 2030-ഓടെ കൈവരിക്കാനിരുന്ന ലക്ഷ്യം പ്രതീക്ഷിച്ചതിനെക്കാൾ അഞ്ചു വർഷം മുമ്പു തന്നെ നേടുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

========================================================

## DAY OSCARS – 2025 ഇൻട്രോ

97-ാമത് ഓസ്കർ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഷോൺ ബേക്കർ സംവിധാനം ചെയ്ത റൊമാൻറിക് കോമഡി ചിത്രം അനോറ മികച്ച ചിത്രത്തിനും സംവിധാനത്തിനും തിരക്കഥയ്ക്കും ഉൾപ്പെടെ 5 പുരസ്കാരങ്ങൾ സ്വന്തമാക്കി.

അനോറയെ അവതരിപ്പിച്ച മിക്കി മാഡിസണാണ് മികച്ച നടി. ബ്രൂട്ടലിസ്റ്റ് എന്ന ചിത്ര ത്തിലൂടെ മികച്ച നടനായി അഡ്രിയൻ ബ്രോഡി തിരഞ്ഞെടുക്കപ്പെട്ടു.

**(HOLD .....)**

എമിലിയ പെരേസിലൂടെ സോയി സൽദാന , മികച്ച സഹനടിയായി. എ റിയൽ പെയിൻ എന്ന ചിത്രത്തിലൂടെ കിയെരൻ കൾക്കിൻ മികച്ച സഹനടനുള്ള പുരസ്കാരം നേടി. ബ്രസീലിയൻ ചിത്രമായ ഐ ആം സ്റ്റിൽ ഹിയറാണ് മികച്ച വിദേശ ഭാഷാ ചിത്രം. ലോസ് ഏഞ്ചൻസിലെ ഡോൾബി തീയറ്ററിൽ നടന്ന ചടങ്ങിൽ ഇന്ത്യയോടുള്ള ആദര സൂചകമായി നമസ്തെ പറഞ്ഞ് കൊണ്ടാണ് അവതാരകൻ പുരസ്കാര പ്രഖ്യാപനം നടത്തിയത്.

==================================================

**<u>ISL</u>**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ F C, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി 7.30-ന് ചെന്നൈയിലാണ് മത്സരം. ഇന്നലെ നടന്ന ഈസ്റ്റ് ബംഗാൾ - ബംഗളൂരു F C മത്സരം സമനിലയിൽ പിരിഞ്ഞു.

==================================================

**<u>CHAMPIONS TROPHY</u>**

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ നാളെ ഓസ്ട്രേലിയയെ നേരിടും. ദുബായ് ഇൻററർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം. രണ്ടാം സെമി മറ്റന്നാൾ ദക്ഷിണാഫ്രിക്കയും ന്യൂസിലാൻഡും തമ്മിലാണ്.

==================================================

## EARLY DELHI BUDGET ANNOUNCEMENT

ഡൽഹി ബജറ്റ് ഈ മാസം അവസാനം നിയമസഭയിൽ അവതരിപ്പിക്കും. ഈ മാസം 24 മുതൽ 26 വരെയാകും ബജറ്റ് സമ്മേളനം ചേരുകയെന്ന് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത മാധ്യമങ്ങളോട് പറഞ്ഞു. സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം, ആരോഗ്യ സേവനം, പൊതുഗതാഗത സംവിധാനം, മലിനീകരണ നിയന്ത്രണം, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ളതാകും ബജറ്റെന്നും മുഖ്യമന്ത്രി അറിയിച്ചു.

==================================================

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടത്തിൽ വ്യാപാരം പുരോഗമിക്കുന്നു. സെൻസെക്സ് 170 -ഓളം പോയിന്റ് നഷ്ടത്തിലും, നിഫ്റ്റി 30-നടുത്ത് പോയിൻറുകൾക്ക് താഴ്ന്നുമാണ് വ്യാപാരം തുടരുന്നത്. സ്വർണവിലയിൽ മാറ്റമില്ല. പവന് 63,520 രൂപയും ഗ്രാമിന് 7,940 രൂപയുമാണ് ഇന്നത്തെ വില.

==================================================

==================================================

==================================================